പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2745 — 12. 10. 2011 ലെ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ച് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം എക്സ്ചേഞ്ച് തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ കണ്ടെത്താനുള്ള എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് വകുപ്പിനു കീഴിലുള്ള 21 വി.ജി.യൂണിറ്റുകൾ വഴി സൗജന്യ പരിശീലന പരിപാടികൾ നടത്തി വരുന്നു. ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനു വേണ്ടി ഒരു ജില്ലയിൽ ചുരുങ്ങിയത് 50 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൊക്കേഷണൽ/കരിയർ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമേ വിവിധ മത്സര പരീക്ഷകൾക്ക് അപേക്ഷിച്ച 10,000 പേർക്കെങ്കിലും ഒരു വർഷം സൗജന്യ പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കരിയർ എക്സിബിഷൻ/ ജോബ് ഫെയർ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. വകുപ്പു മുഖാന്തിരം നടപ്പാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളായ KESRU, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, |

ശരണ്യ പദ്ധതികൾക്ക് കൂടുതൽ പ്രചരണം നടത്തി കൂടുതൽ പേർക്ക് സ്വയംതൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ? | (സി) | കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളുടേയും database digitize ചെയ്ത് online ആയി ലഭ്യമാക്കി സ്വകാര്യ തൊഴിലവസരങ്ങൾ കൂടുതലായി ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഉദ്യോഗാർത്ഥികൾക്ക് online registration, online renewal മുതലായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കമ്പ്യൂട്ടറൈസേഷൻ വെബ് ബേസ്ഡ് പോർട്ടൽ ആരംഭിക്കുന്നതോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഫീസുകളിലും പൗരാവകാശ രേഖ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ജനോപകാരപ്രദമാക്കുന്നതിനും ISO Certification ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു മേഖലയിലും സ്വകാര്യ മേഖലയിലും ഉണ്ടാകുന്ന എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നികത്തുന്നതിനായി Compulsory Recruitment Through Employment Exchanges എന്ന സംസ്ഥാന നിയമത്തിന്റെ draft സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

(എ)

| | |
|---|---|
| തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 150267 |
| ഇരിഞ്ഞാലക്കുട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 76170 |
| ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 56046 |
| കൊടുങ്ങല്ലൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 44524 |
| ചാവക്കാട് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 36749 |
| തലപ്പിള്ളി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 75561 |